**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**<u>പ്രധാനമന്ത്രി ആവാസ് യോജന</u>**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1353 | 06-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.സി.ജോസഫ്** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര വീടുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്; അതിൽ 2018-19-ൽ എത്ര വീടുകൾ പൂർത്തിയാക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | പി.എം.എ.വൈ (ജി) പദ്ധതി പ്രകാരം 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാനത്ത് 42431 വീടുകൾ നിർമ്മിക്കുന്നതിനുള്ള അനുമതിയാണ് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ളത്. 2018-19 വർഷം സംസ്ഥാനത്ത് വീടുകളൊന്നും അനുവദിച്ചിട്ടില്ല.<br>**പ്രധാനമന്ത്രി ആവാസ് യോജന (Urban).**<br>**'എല്ലാവർക്കും ഭവനം' പദ്ധതി പ്രകാരം സംസ്ഥാനത്ത് ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണത്തിൽ 80,000 ഭവനങ്ങളും ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീമിൽ 10,000 ഭവനങ്ങൾക്കും അനുവാദം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഇതിൽ 2018-19 കാലയളവിൽ 30,000 വീടുകൾ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.** |
| (ബി) | ഇതിന്റെ ഗുണഭോക്താക്കളെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്; | (ബി) | 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിൽ ഭവനരഹിതരായി ഉൾപ്പെട്ടിട്ടുള്ളവരിൽ നിന്ന് താഴെപ്പറയുന്നവരെ ഒഴിവാക്കൽ പ്രക്രിയയിലൂടെ ഒഴിവാക്കിക്കൊണ്ടാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നത്.<br>a. യന്ത്രവൽകൃത രണ്ടുചക്ര/മൂന്നുചക്ര/നാലുചക്ര വാഹനമോ, യന്ത്രവൽകൃത മീൻപിടുത്ത യാനങ്ങളോ ഉള്ളവർ |

| | | | |
|---|---|---|---|
| | | | b. യന്ത്രവൽകൃത മൂന്നുചക്ര/നാലുചക്ര, കാർഷിക ഉപകരണങ്ങൾ ഉള്ളവർ<br>c. 50,000/- രൂപയോ അതിൽ കൂടതലോ വായ്പാ പരിധിയുള്ള കിസാൻ ക്രെഡിറ്റ് കാർഡ് ഉള്ളവർ<br>d. സർക്കാർ ജീവനക്കാർ ഉള്ള കുടുംബം<br>e. സർക്കാർ കാർഷികേതര സംരംഭങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബങ്ങൾ<br>f. പ്രതിമാസം 10,000/- രൂപയിൽ കൂടുതൽ നേടുന്ന ഏതെങ്കിലും അംഗങ്ങൾ ഉള്ള കുടുംബങ്ങൾ<br>g. തൊഴിൽ നികുതി നൽകുന്നവർ ഉള്ള കുടുംബം<br>h. റഫ്രിജറേറ്റർ ഉള്ള കുടുംബം<br>I. ലാന്റ് ലെയിൻ ഫോൺ ഉള്ള കുടുംബം<br>j. സ്വന്തമായി ഏതെങ്കിലും ജലസേചന ഉപകരണമുള്ള രണ്ടര ഏക്കറോ അതിൽ കൂടുതലോ ജലസേചന സൗകര്യം ഉള്ള ഭൂമിയുള്ള കുടുംബം<br>k. രണ്ടോ അതിലധികമോ കാലഘട്ടത്തിൽ വിളവെടുക്കുന്ന അഞ്ചോ അതിലധികമോ ഏക്കർ ജലസേചന ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടംബം<br>l. ഏഴര ഏക്കറോ അതിലധികമോ ഭൂമിയുള്ളതോ ഏതെങ്കിലും ജലസേചന സൗകര്യമുള്ളതോ ആയ കുടംബം.<br><br>പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം<br><br>ഇപ്പോൾ 2 ഘടകങ്ങൾ മാത്രമാണ് കേരളത്തിൽ നടപ്പിലാക്കിവരുന്നത്.<br><br>1. സ്വന്തമായി നഗരപ്രദേശത്ത് 1 സെന്റ് എങ്കിലും സ്ഥലമുള്ളവർക്ക് വീട് നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഗുണഭോക്തൃ കേന്ദ്രീകൃത ഭവന നിർമ്മാണം.<br>മാനദണ്ഡങ്ങൾ |

| | | | |
|---|---|---|---|
| | | | a. നഗര പ്രദേശത്ത് സ്ഥിരമായി 3 വർഷക്കാലമായി കുടുംബമായി താമസിക്കുന്നവർ.<br>b. വാർഷിക കുടുംബവരുമാനം 3 ലക്ഷത്തിന് താഴെയുള്ളവർ<br>c. സ്വന്തമായി സ്ഥലം ഉള്ളവർ<br>d. ഭാരതത്തിൽ ഒരിടത്തും സ്വന്തമായി ഭവനമില്ലാത്തവർ<br><br>ഇതുകൂടാതെ ഭവന വിപുലീകരണത്തിനും നിബന്ധനക്ൾക്ക് വിധേയമായി പി.എം.എ.വൈ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കാവുന്നതാണ്. വാർഡ് സഭ മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.<br>2. ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സിഎൽഎസ്എസ്)<br><br>**മാനദണ്ഡങ്ങൾ**<br>1. ഇൻഡ്യയിൽ ഒരിടത്തും സ്വന്തമായ ഭവനം ഇല്ലാത്ത കുടുംബം<br>2. കുറഞ്ഞത് മൂന്ന് വർഷമായി നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബമായിരിക്കണം.<br>ഇത്തരത്തിൽ മാനദണ്ഡം പാലിക്കുന്ന കുടുംബങ്ങൾക്ക് ബാങ്കുകൾ മുഖേന ഭവന നിർമ്മാണത്തിന് പലിശ സബ്സിഡിയോടുകൂടി താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി വായ്പ നൽകുന്നു. |

| വിഭാഗം | വാർഷിക വരുമാന പരിധി | അനുവദനീയമായ കാർപ്പെറ്റ് ഏരിയ | പലിശ സബ്സിഡി ലഭ്യമാകുന്ന പരമാവധി വായ്പ തുക | പലിശ സബ്സിഡി (%) |
|---|---|---|---|---|
| EWS -സാമ്പത്തിക പിന്നോക്ക വിഭാഗം | 3 ലക്ഷം | 60 ച.മീ | 6 ലക്ഷം | 6.5% |
| LIG-താഴ്ന്ന വരുമാന വിഭാഗം | 3-6 ലക്ഷം | 60 ച.മീ | 6 ലക്ഷം | 6.5% |
| MIG 1 - ഇടത്തരം വരുമാന വിഭാഗം | 6-12 ലക്ഷം | 120 ച.മീ | 9 ലക്ഷം | 4% |
| MIG 2 - ഇടത്തരം വരുമാന വിഭാഗം | 12-18 ലക്ഷം | 150 ച.മീ | 12 ലക്ഷം | 3% |

ഇത്തരത്തിലുള്ള ഗുണഭോക്താക്കളിൽ ബാങ്ക് നിഷ്കർഷിക്കുന്ന രേഖകൾ ഹാജരാക്കാൻ കഴിയുന്ന എല്ലാവർക്കും, കുറഞ്ഞ പലിശ നിരക്കിൽ ഭവനം നിർമ്മിക്കുന്നതിനും, വാങ്ങിക്കുന്നതിനും, ബാങ്കിൽ നിന്നും വായ്പലഭിക്കുന്നതാണ്. വായ്പകളുടെ തിരിച്ചടവ് കാലാവധി പരമാവധി 20 വർഷം ആയിരിക്കും. പദ്ധതി ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡിക്ക് അർഹതയുള്ള തുകയിൽ കൂടുതൽ ബാങ്കിൽ നിന്ന് വായ്പയെടുക്കാവുന്നതാണ്. എന്നാൽ കൂടുതലായി എടുക്കുന്ന തുകയ്ക്ക് പലിശ സബ്സിഡി ലഭിക്കുന്നതല്ല.

| | | | |
|---|---|---|---|
| (സി) | ഭിന്നശേഷിക്കാർക്ക് ഈ പദ്ധതിയിൻകീഴിൽ വീടുകൾ സംവരണം ചെയ്യിട്ടുണ്ടോ; എങ്കിൽ എത്ര | (സി) | പി.എം.എ.വൈ (ജി) പദ്ധതിയിൽ ഭൗതിക ലക്ഷ്യത്തിന്റെ മൂന്ന് ശതമാനം വീടുകൾ ഭിന്ന ശേഷിക്കാർക്ക് അനുവദിക്കുന്നു. |

| | | | |
|---|---|---|---|
| | ശതമാനം;വിശദാംശങ്ങൾ ലഭ്യമാക്കുമോ? | | പി.എം.എ.വൈ (നഗരം) പദ്ധതിയിൽ പ്രത്യേകമായി വീടുകൾ സംവരണം ചെയ്തിട്ടില്ല. എന്നാൽ പദ്ധതി നിർവഹണത്തിൽ ഭിന്നശേഷിക്കാർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതിനായി നഗരസഭകൾക്ക് നിർദ്ദേശം നൽ കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ